പുതിയ ഇലക്ട്രിസിറ്റി ഡിവിഷൻ ഓഫീസുകൾ

185 [201] ശ്രീ. പന്തളം സുധാകരൻ:
,, കെ.കെ. തോമസ്:
,, കെ. കെ. ശ്രീനിവാസൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി;
,, കെ. സി. ജോസഫ്:
,, എ. സി. ജോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ, നെയ്യാറ്റിൻകര, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചത് നിലവിലുള്ള മാനദണ്ഡമനുസരിച്ചാണോ:

(ബി) പയ്യന്നൂരിലും നെയ്യാറ്റിൻകരയിലും അനുവദിച്ച ഡിവിഷൻ ഓഫീസുകൾ നിറുത്തലാക്കാൻ കാരണമെന്താണ്;

(സി) ആലങ്കോട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കാൻ നിവേദനം കൊടുത്തിട്ടുണ്ടോ;

(ഡി) ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇവ ആവശ്യമാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുത്തത്.

(ബി) നിറുത്തലാക്കാൻ തീരുമാനം എടുത്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) പുതിയ ഓഫീസുകൾ അനുവദിക്കുമ്പോൾ ഇതിനെപ്പറ്റി പരിഗണിക്കുന്നതാണ്.

നെയ്യാറ്റിൻകരയിൽ അനുവദിച്ച ഇലക്ട്രിസിറ്റി ഡിവിഷൻ

186 [202] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ പുതുതായി അനുവദിച്ച ഇലക്ട്രിസിറ്റി ഡിവിഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(ബി) ഇത് എപ്പോൾ പ്രവർത്തിച്ചുതുടങ്ങുമെന്ന് വ്യക്തമാക്കാമോ:

(സി) നെയ്യാറ്റിൻകര അനുവദിച്ച ഡിവിഷന്റെ അതിർത്തിയിൽ എത്ര ഉപഭോക്താക്കളുണ്ട്;

(ഡി) കണക്ഷൻ കൊടുക്കാൻ പെൻഡിംഗ് അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly